**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 158** **07.03.2018-ൽ മറുപടിക്ക്**

**<u>കാൻസർ രോഗചികിൽസയ്ക്കുള്ള സൗകര്യങ്ങളും സ്ഥാപനങ്ങളും</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.സി. ദിവാകരൻ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ.മുഹമ്മദ് മുഹസിൻ പി.**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

<table>
<tr>
<td>എ)</td>
<td>സംസ്ഥാനത്ത് കാൻസർ രോഗ ബാധിതരുടെ എണ്ണം വർദ്ധിച്ചു വരുന്നതിനെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോ;</td>
<td>എ)</td>
<td>സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നിവിടങ്ങളിൽ നിന്നും ലഭ്യമായ കണക്കുകൾ ചുവടെ ചേർക്കുന്നു;
<table>
<tr><td></td><td>ആർ.സി.സി</td><td>എം.സി.സി</td></tr>
<tr><td>വർഷം</td><td>രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണം</td><td>രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണം</td></tr>
<tr><td>2008</td><td>12066</td><td>1071</td></tr>
<tr><td>2009</td><td>12828</td><td>1745</td></tr>
<tr><td>2010</td><td>13049</td><td>2273</td></tr>
<tr><td>2011</td><td>14018</td><td>2631</td></tr>
<tr><td>2012</td><td>15019</td><td>3192</td></tr>
<tr><td>2013</td><td>14608</td><td>3867</td></tr>
<tr><td>2014</td><td>15869</td><td>4433</td></tr>
<tr><td>2015</td><td>15925</td><td>3910</td></tr>
<tr><td>2016</td><td>16448</td><td>4392</td></tr>
<tr><td>2017</td><td>16174</td><td>4587</td></tr>
</table>
</td>
</tr>
<tr>
<td>ബി)</td>
<td>കാൻസർ രോഗത്തിന് വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനായി ഏതൊക്കെ സ്ഥാപനങ്ങളും സൗകര്യങ്ങളും സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ;</td>
<td>ബി)</td>
<td>കാൻസർ രോഗം കണ്ടെത്തുന്നതിനും ചികിൽസിക്കുന്നതിനും സർക്കാർ മേഖലയിൽ റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം, മലബാർ കാൻസർ സെന്റർ, തലശ്ശേരി, കണ്ണൂർ, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രി, എറണാകുളം, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ, എറണാകുളം തുടങ്ങിയ സ്ഥാപനങ്ങളിൽ ചികിൽസ ലഭ്യമാണ്. മറ്റു ജില്ലകളിൽ താമസിക്കുന്ന കാൻസർ രോഗികൾക്ക് ഈ സ്ഥാപനങ്ങളെ ചികിൽസയ്ക്കായി ആശ്രയിക്കേണ്ടി വരുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പ് എല്ലാ ജില്ലകളിലും ഒരു ജില്ലാ ആശുപത്രിയിൽ</td>
</tr>
</table>

| | | | |
|---|---|---|---|
| | | | ഒരു കാൻസർ ചികിൽസാ കേന്ദ്രം എന്ന ആശയവുമായി ജില്ലാ കാൻസർ കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിൽ കാൻസർ രോഗ വിദഗ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് റീജിയണൽ കാൻസർ സെന്ററുകളിൽ പരിശീലനം നൽകി പ്രസ്തുത സെന്ററുകളിൽ വിന്യസിച്ചിട്ടുണ്ട്. ഇപ്പോൾ 18 ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിലൂടെ കീമോ തെറാപ്പിയും മറ്റ് അനുബന്ധ കാൻസർചികിൽസാ രീതികളും നടത്തി വരുന്നു.<br><br>തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ കൊബാൾട്ട് മെഷീനും, തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലേറ്ററും വാങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.<br><br>റീജിയണൽ കാൻസർ സെന്ററിൽ കീമോ തെറാപ്പി, റേഡിയോതെറാപ്പി സർജറി തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര ചികിൽസാ സൗകര്യങ്ങൾ നിലവിലുണ്ട്. സർജിക്കൽ പാത്തോളജി, ഇമേജിയോളജി, ന്യൂക്ലിയർ മെഡിസിൻ, ക്ലിനിക്കൽ ലബോറട്ടറി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ, മൈക്രോബയോളജി, കാൻസർ റിസർച്ച് തുടങ്ങിയ ഡയഗ്നോസ്റ്റിക് സംവിധാനങ്ങളും റേഡിയേഷൻ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, പീഡിയാട്രിക് ഓങ്കോളജി, പാലിയേറ്റീവ് കെയർ തുടങ്ങിയ ചികിൽസാ സൗകര്യങ്ങളും ലഭ്യമാണ്.<br><br>മലബാർ കാൻസർ സെന്ററിൽ കാൻസർ ചികിൽസയ്ക്കായി താഴെപ്പറയുന്ന സംവിധാനങ്ങൾ നിലവിലുണ്ട്<br><br>1. ആധുനിക റേഡിയേഷൻ ചികിൽസ ലഭ്യമാക്കുന്ന ലീനിയർ ആക്സിലറേറ്റർ, എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോതെറാപ്പി സിമുലേറ്റർ, ബ്രാക്കിതെറാപ്പി മെഷീൻ, എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം<br><br>2. ആധുനിക സൗകര്യങ്ങളോടുകൂടിയ ബയോ കെമിക്കൽ ക്ലിനിക്കൽ ലബോറട്ടറി, സൈറ്റോളജി, ഹിസ്റ്റോപാത്തോളജി, മൈക്രോ ബയോളജി വിഭാഗം<br><br>3. 4D സ്കാനർ, സി.ടി.സിമുലേറ്റർ, അത്യാധുനിക എം.ആർ.ഐ സ്കാനർ, സി.ടി.സ്കാൻ, 500 എം.എ.എക്സ് റേ മെഷീനും, അൾട്രാ സൗണ്ട് സ്കാനറും, ഡിജിറ്റൽ എക്സ് റേ, ഡിജിറ്റൽ |

| | | | |
|---|---|---|---|
| | | | മാമോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം<br>4. ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷ്യന്റ് വിഭാഗം<br>5. ബോൺമാരോ ട്രാൻസ് പ്ലാന്റേഷൻ സംവിധാനമുള്ള ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം<br>6. എന്റോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി, എന്നിവ ചെയ്യാനുള്ള സജ്ജീകരണങ്ങൾ<br>7. രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണന്റ് സെപ്പറേഷൻ സൗകര്യങ്ങളുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബ്ലഡ് ബാങ്ക്<br>8. ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്<br>9. ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടെയുള്ള കീമോതെറാപ്പി ചികിത്സ<br>10. കാൻസർ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ വിഭാഗം, കൂടാതെ പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭ്യമാക്കുന്നുണ്ട്.<br>11. മറ്റ് ആശുപത്രികളിലെ കാൻസർ രോഗികൾക്കും, ഡോക്ടർമാർക്കും, എം.സി.സി.യിലെ ഡോക്ടർമാരുമായി അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടെലിമെഡിസിൻ സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്.<br>12. 200 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള ഇൻപേഷ്യന്റ് ബ്ലോക്ക്<br>13. ന്യൂക്ലിയർ മെഡിസിൻ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br>കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിൽ ഒ.പി. സേവനം, ഒരു ദിവസം ദൈർഘ്യമുള്ള കീമോ തെറാപ്പി, മൈനർ സർജറി, തൊണ്ട പരിശോധനയ്ക്കുള്ള എൻഡോസ്കോപ്പി എന്നീ സേവനങ്ങൾ ലഭ്യമാണ്. |
| സി) | മലബാർ കാൻസർ സെന്ററിനെ ആർ.സി.സി. നിലവാരത്തിലേക്ക് ഉയർത്തിക്കൊണ്ട് | | മലബാർ കാൻസർ സെന്ററിനെ ഒരു പോസ്റ്റ് ഗ്രാജ്വേറ്റ് ഓങ്കോളജി ഇൻസ്റ്റിറ്റ്യൂട്ട് ആക്കി ഉയർത്താൻ മുഖ്യമന്ത്രി ചെയർമാനായുള്ള മലബാർ കാൻസർ സെന്ററിന്റെ ഒൻപതാമത് ഗവേണിംഗ് ബോഡി മീറ്റിംഗിൽ തീരുമാനിക്കുകയും ഇതു |

| | | | |
|---|---|---|---|
| | വരുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | സി) & ഡി) | പ്രകാരം 183 കോടി രൂപയുടെ ആദ്യ ഘട്ട പ്രൊപ്പോസൽ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ (KIIFB) സമർപ്പിക്കുകയും ചെയ്തു. തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭാരത് സഞ്ചാർ നിഗം ലിമിറ്റഡിനെ (BSNL) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആക്കിക്കൊണ്ട് ഗവൺമെന്റ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ നടന്നു വരുന്നു. |
| ഡി) | മലബാർ കാൻസർ സെന്ററിനെ പി.ജി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി ആക്കി മാറ്റുന്നതിന് എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കേണ്ടതെന്ന് വ്യക്തമാക്കുമോ? | | മലബാർകാൻസർ സെന്ററിനെ പി.ജി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി ആക്കി ഉയർത്തുന്നതിന് താഴെപ്പറയുന്ന സൗകര്യങ്ങൾ ആവശ്യമാണ്<br>• എല്ലാ സൗകര്യങ്ങളോടും കൂടിയ ആശുപത്രി സമുച്ചയം<br>• രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന ക്രമാതീതമായ വളർച്ച കണക്കിലെടുത്ത് ആവശ്യമായ അക്കാഡമിക് നോൺ അക്കാഡമിക് ജീവനക്കാരുടെ നിയമനം<br>• അത്യാധുനിക ഉപകരണങ്ങളുടെ സജ്ജീകരണം<br>• വിദ്യാർഥികൾ/സ്റ്റാഫ് എന്നിവർക്കുള്ള ഹോസ്റ്റൽ സൗകര്യം<br>• വിവിധ വകുപ്പുകളുടെയും ഡിവിഷനുകളുടെയും രൂപീകരണം<br>• ലൈബ്രറിയുടെ വിപുലീകരണം<br>• പാർക്കിംഗ് സൗകര്യം<br>• മാലിന്യ സംസ്കരണ പ്ലാന്റ്<br>• കുടിവെള്ള പദ്ധതി |

സെക്ഷൻ ഓഫീസർ